ഉത്തരം

(എ) പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനൊ കണക്ക് കെ.എസ്.ആർ.ടി.സി.യിൽ ഇല്ല. തിരുവനന്തപുരം സെൻട്രൽ, ആറ്റിങ്ങൽ, കൊല്ലം, കൊട്ടാരക്കര, കിളിമാനൂർ എന്നീ ഡിപ്പോകളിൽ നിന്നും ഉള്ള സർവ്വീസുകളും ഈ പഞ്ചായത്ത് അതിർത്തിയിൽകൂടി കടന്നുപോകുന്നു. കൂടാതെ 98 പ്രൈവറ്റ് ബസ്സുകളും ഈ പഞ്ചായത്തിൽ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കെ. എസ്. ആർ. ടി. സി.യുടെ സാമ്പത്തിക പരിമിതി മൂലവും, വാഹനങ്ങളുടെ അപര്യാപ്തത മൂലവും കൂടുതൽ ബസ്സുകളും ഓടിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

തിരുവനന്തപുരം താലൂക്കിലെ യാത്രാക്ലേശം

1036 [1932] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതത്തിന് കെ. എസ്. ആർ. ടി. സി. ബസ്സുകളെ മാത്രം ആശ്രയിക്കുന്ന തിരുവനന്തപുരം താലൂക്കിലെ യാത്രാക്ലേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തിര നടപടികളും സ്വീകരിച്ചുവരുന്നു.

ഷെഡ്യൂൾ ക്യാൻസലേഷൻ

1037 [1933] ശ്രീ. ഇ. ജെ. ലൂക്കോസ്:
,, എ. ജോർജ്ജ്:
,, പി. സി. ജോർജ്ജ്:
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ജൂൺ മാസം കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള ഷെഡ്യൂൾ ക്യാൻസലേഷൻ എത്ര ശതമാനമാണ്;

(ബി) ഇതു കുറയ്ക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

(എ) 25.65.

(ബി) കാലപ്പഴക്കംകൊണ്ടു സർവ്വീസിനു യോഗ്യമല്ലാത്ത പഴയ ബസ്സുകൾക്കുപകരം പുതിയ ബസ്സുകൾ നിരത്തിലിറക്കുക, വർക്കുഷോപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പ്രവർത്തനയോഗ്യമല്ലാതുള്ള ബസ്സുകളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗം തീർത്ത് പുറത്തിറക്കുക തുടങ്ങിയ എതാനും പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly